# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1262** **10.08.2017 ൽ മറുപടിയ്ക്ക്**

## മൂന്നാറിലെ ഭൂമി കയ്യേറ്റം

**ചോദ്യം**

**ശ്രീ.പി.സി. ജോർജ്**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | മൂന്നാറിൽ ഒരു എം.എൽ.എ. കയ്യേറിയതായി ആരോപിക്കപ്പെടുന്ന ഭൂമി സർക്കാരിലേക്ക് തിരിച്ച് പിടിയ്ക്കാൻ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ)മൂന്നാറിൽ സർക്കാർ ഭൂമി എം.എൽ.എ. കയ്യേറിയതായുള്ള ആരോപണവുമായി ബന്ധപ്പെട്ട ഭൂമിയുടെ പട്ടയത്തിലെ സർവ്വെ നമ്പറായ 843/എ 912 എന്ന് തിരുത്തി നൽകണമെന്ന് ആവശ്യപ്പെട്ട് ഇടുക്കി ജില്ലാ കളക്ടർ മുമ്പാകെ LRJ3-53305/11-ാം നമ്പറായി ശ്രീ.രാജേന്ദ്രൻ എം.എൽ.എ സമർപ്പിച്ച അപേക്ഷ 24.03.2012 ലെ സി4-45257/10-ാം നമ്പർ ഉത്തരവ് പ്രകാരം തള്ളിയിട്ടുള്ളതും ആയതിനെതിരായി ബഹു.ലാൻഡ് റവന്യൂ കമ്മീഷണർ മുമ്പാകെ സമർപ്പിച്ചിട്ടുള്ള അപ്പീൽ അപേക്ഷയിൽ നടപടികൾ പുരോഗമിച്ചുവരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ശ്രീ.എസ്.രാജേന്ദ്രൻ എം.എൽഎ ഫയൽ ചെയ്ത WP(C)-7296/15-ാം നമ്പറായുള്ള റിട്ട് ഹർജിയിന്മേലുള്ള കോടതി നടപടികൾ ബഹു.കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് മുമ്പാകെയുള്ള OP(C)- 1076/13-ാം നമ്പർ കേസ് തീർപ്പായതിനു ശേഷം തുടരുന്നതാണെന്ന് 18.06.2015 ൽ ബഹു.കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | എം.എൽ.എ. പ്രസ്തുത മേഖലകളിൽ എത്ര ഏക്കർ ഭൂമി കയ്യേറിയിട്ടുണ്ടെന്നാണ് സർക്കാരിന്റെ കണക്ക്; ഇതിനെ സംബന്ധിച്ച് ദേവികുളം, ഇടുക്കി സബ് കളക്ടർമാരുടേയോ മറ്റേതെങ്കിലും ഉന്നത ഉദ്യോഗസ്ഥരുടെയോ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കോപ്പി ലഭ്യമാക്കുമോ; | (ബി) ഇത്തരത്തിൽ റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല |
| (സി) | എം.എൽ.എ.യുടെ വീട് ഇരിക്കുന്ന സ്ഥലവും കയ്യേറ്റഭൂമിയായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഇതിൻപ്രകാരം നാളിതുവരെ എന്ത് നടപടി സ്വീകരിച്ചു? | (സി)എം.എൽ.എയുടെ വീട് ഇരിയ്ക്കുന്ന സ്ഥലവുമായി ബന്ധപ്പെട്ട പട്ടയത്തിന്റെ സാധുത നിർണ്ണയിക്കുന്നതിനുള്ള നടപടികളും ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു.കേരള ഹൈക്കോടതി മുമ്പാകെയുള്ള കേസുകളിന്മേലുള്ള തുടർനടപടികളും പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ